പതിമൂന്നാം കേരള നിയമ സഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2185 — 20.6.2012 ൽ മറുപടിക്ക്

## അവശ്യമരുന്നുകളുടെ വിലനിയന്ത്രണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.കെ.നാരായണൻ : | ശ്രീ. വി. എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) വിലനിയന്ത്രണശ്രമങ്ങളെ മറികടന്ന് അവശ്യമരുന്നുകളുടെ വില കുത്തനെ ഉയരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) ഉണ്ടെങ്കിൽ ആയതിന് എന്ത് നടപടി സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ ? | (ബി) മരുന്നിന്റെ പാക്കറ്റിൽ സൂചിപ്പിച്ചിട്ടുള്ള പരമാവധി വിലയേക്കാൾ കൂടിയ വിലയ്ക്ക് മരുന്ന് വിൽക്കുന്നുണ്ടോ എന്ന് ഡ്രഗ്സ് കൺട്രോൾ വകുപ്പ് ഉദ്യോഗസ്ഥർ ശ്രദ്ധിക്കുകയും കൂടുതൽ വില ഈടാക്കിയാൽ നടപടി സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. രാജ്യത്ത് ഔഷധങ്ങളുടെ വില നിശ്ചയിക്കുന്നതും നിയന്ത്രിക്കുന്നതും കേന്ദ്ര സർക്കാരിന്റെ അധീനതയിലുള്ള നാഷണൽ ഫാർമസ്യൂട്ടിക്കൽസ് പ്രൈസിംഗ് അതോറിറ്റി (NPPA) ആണ്. രാജ്യത്ത് 74 ഇനം മരുന്നുകളുടേയും അവയുടെ കോമ്പിനേഷനുകളുടേയും വിലകൾ മാത്രമാണ് നാഷണൽ ഫാർമസ്യൂട്ടിക്കൽസ് പ്രൈസിംഗ് അതോറിറ്റി നിശ്ചയിച്ച് ഉറപ്പിച്ചിട്ടുള്ളത്. വില നിയന്ത്രണത്തിൽ ഉൾപ്പെടാത്ത മരുന്നുകളുടെ വിലയാണ് കമ്പനികൾ വർദ്ധിപ്പിച്ചിട്ടുള്ളത്. NPPA നിശ്ചയിച്ചുറപ്പിച്ച പരമാവധി വിലയേക്കാൾ അധികം ഈടാക്കുന്ന കമ്പനികൾക്കെതിരെ നടപടി സ്വീകരിക്കുന്നതിന് വിവരം NPPA യെ അറിയിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ